നടപടികൾ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ സ്വീകരിച്ചു വരുന്നു. നേരിട്ട് നികത്തേണ്ട ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. തേർഡ് ഗ്രേഡ് ഓവർസിയറുടെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ക്വാർട്ടേഴ്സുകളിലെ വൈദ്യുതി ചാർജ്ജ്

277(4909) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സർക്കാർ ഉദ്യോഗസ്ഥരുടെ ക്വാർട്ടേഴ്സുകളിൽ വൈദ്യുതി ചാർജ്ജിന്റെ ഭാഗമായുള്ള എ.സി.ഡി. ബിൽ വഴി വൻതുക ഈടാക്കുന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) ക്വാർട്ടേഴ്സുകളുടെ കാലപ്പഴക്കവും, കാലഹരണപ്പെട്ട വയറിംഗ് സംവിധാനവും ഇതിന് കാരണമാകുന്നു എന്ന വസ്തുത പരിശോധിക്കുമോ;

(സി) സർക്കാർ ക്വാർട്ടേഴ്സുകളുടെ എ.സി.ഡി. ചാർജ് പൊതുമരാമത്ത് വകുപ്പ് ക്വാർട്ടേഴ്സ് താമസക്കാരായ ജീവനക്കാർക്ക് തിരിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് എ.സി.ഡി. ചാർജ് ജീവനക്കാർക്ക് കിഴിവ് ചെയ്ത് നൽകിയത് ശ്രദ്ധയിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) സർക്കാർ ഉദ്യോഗസ്ഥരുടെ ക്വാർട്ടേഴ്സുകളിൽ വൈദ്യുതി ചാർജ്ജിന്റെ ഭാഗമായുള്ള എ.സി.ഡി. ബിൽ വഴി വൻതുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്വാർട്ടേഴ്സുകളുടെ കാലപ്പഴക്കവും കാലഹരണപ്പെട്ട വയറിംഗ് സംവിധാനവും വൈദ്യുതി ഉപഭോഗം കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി വരുന്നുണ്ട്.

(സി) വൈദ്യുതി ഉപഭോഗം കുറയുന്നതിനനുസരിച്ച് എ.സി.ഡി., ചാർജ്ജ് വൈദ്യുതി ബോർഡ് ബില്ലിൽ അഡ്ജസ്റ്റ് ചെയ്ത് നൽകാറുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly